പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.987

20.03.2012-ൽ മറുപടിയ്ക്ക്

"സിസ്റ്റർ കെ.എക്സ്.എൽസമ്മക്ക് ശമ്പളം നൽകാൻ നടപടി"

| ചോദ്യം<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലപ്പുഴ ജില്ലയിൽ കായംകുളം സബ് ജില്ല വിദ്യാഭ്യാസ ആഫീസിന്റെ അധികാരപരിധിയിൽപ്പെടുന്ന ചാരുംമൂട് സെന്റ് മേരീസ് സ്കൂളിലെ അദ്ധ്യാപികയായ കെ. എക്സ്. എൽസമ്മക്ക് 3.11.2009 മുതൽ ശമ്പളം ലഭിക്കാത്തത് എന്ത്കൊണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) നെടുമങ്ങാട് ഉപജില്ലയിലെ ചുള്ളിമാന്നൂർ യു.പി.എസ്സിൽ നിന്നും കായംകുളം ഉപജില്ലയിലെ ചാരുംമൂട് സെന്റ് മേരീസ് എൽ.പി.എസ്സിലേയ്ക്ക് മ്യൂച്ചൽ ഇന്റർ മാനേജ്മെന്റ് ട്രാൻസ്ഫർ വഴി സ്ഥലംമാറ്റപ്പെട്ടതും 03.11.2009-ൽ സെന്റ് മേരീസ് എൽ.പി.എസ്സിൽ ജോലിയിൽ പ്രവേശിച്ചതുമായ സിസ്റ്റർ കെ.എക്സ്.എൽസമ്മയുടെ ട്രാൻസ്ഫർ, സെന്റ് മേരീസ് എൽ.പി.എസ്സിൽ നിന്നും മ്യൂച്ചൽ ഇന്റർ മാനേജ്മെന്റ് ട്രാൻസ്ഫർ വഴി സ്ഥലംമാറ്റപ്പെട്ടിട്ടുള്ള സിസ്റ്റർ സ്റ്റാൻസിയുടെ ട്രാൻസ്ഫർ അംഗീകരിക്കാത്തതിനാൽ, കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച നൽകിയിട്ടില്ല. ആയതിനാലാണ് സിസ്റ്റർ കെ. എക്സ്. എൽസമ്മയ്ക്ക് 3.11.2009 മുതൽ ശമ്പളം ലഭിക്കാത്തത്. |
| (ബി) പ്രസ്തുത അദ്ധ്യാപികയുടെ ട്രാൻസ്ഫർ അംഗീകരിച്ച് ശമ്പളം ലഭിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) സിസ്റ്റർ സ്റ്റാൻസിയുടെ ട്രാൻസ്ഫറിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സിസ്റ്റർ കെ.എക്സ്.എൽസമ്മയുടെ ട്രാൻസ്ഫർ അംഗീകരിച്ച നൽകുവാനും ശമ്പളം ലഭ്യമാക്കുവാനും കഴിയും. എന്നാൽ സിസ്റ്റർ സ്റ്റാൻസി സ്ഥലം മാറിച്ചെന്ന സ്കൂളിൽ തസ്തിക നഷ്ടപ്പെട്ടതിനാൽ മ്യൂച്ചൽ ട്രാൻസ്ഫർ റദ്ദാക്കാൻ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകിയിരിക്കുന്നു. ആയതിന്മേൽ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് സിസ്റ്റർ കെ.എക്സ്.എൽസമ്മയ്ക്ക് ശമ്പളം നൽകാൻ കഴിയും. |
| (സി) രണ്ട് വർഷത്തിലധികമായി ശമ്പളം ലഭിക്കാത്ത പ്രസ്തുത അദ്ധ്യാപികയ്ക്ക് മുൻ സർവ്വീസ് കൂടി പരിഗണിച്ച് ശമ്പളം ഉടൻ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) ഇന്റർ മാനേജ്മെന്റ് ട്രാൻസ്ഫർ വഴി വന്ന അദ്ധ്യാപികയ്ക്ക് ജോലിയിൽ പുനഃപ്രവേശിച്ച തീയതി മുതൽ ശമ്പളത്തിന് അർഹതയുണ്ട്. എന്നാൽ സിസ്റ്റർ സ്റ്റാൻസിയുടെ ട്രാൻസ്ഫറിന് അംഗീകാരം ലഭിച്ചാൽ മാത്രമേ സിസ്റ്റർ കെ.എക്സ്.എൽസമ്മയുടെ ട്രാൻസ്ഫർ അംഗീകരിച്ച നൽകുവാനും 03.11.2009 മുതലുള്ള ശമ്പളം ലഭ്യാമാക്കുവാനും കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ